"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനീഷ് ഭാസി, സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2419/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-

1. 16.08.2022 തീയതിയിലെ ഇയു2-145/2022/തസ്വഭവ നമ്പർ കത്ത്.
2. ശ്രീ. അനീഷ് ഭാസി സർക്കാരിൽ സമർപ്പിച്ച 28.12.2023 തിയതിയിലെ അപ്പീൽ അപേക്ഷ .
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2024 തിയതിയിലെ LSGD/PD/22199/2024-DEB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനീഷ് ഭാസി, പ്രസ്തുത വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പ് 22.12.2008 മുതൽ 15.04.2020 വരെ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നതിനായി നഗരകാര്യഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും മേൽ വിഷയത്തിലെ പരാമർശം 1 സർക്കാർ സ്പഷ്ടീകരണത്തിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പ്രസ്തുത ആവശ്യം നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ പരാമർശം 1 പ്രകാരമുള്ള സർക്കാർ തീരുമാനത്തിനെതിരേ ശ്രീ അനീഷ് ഭാസി സമർപ്പിച്ച പരാമർശം 2 അപ്പീൽ അപേക്ഷ പ്രകാരം, ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും ടിയാൻ റിലീവ് ചെയ്യുമ്പോഴുണ്ടായ ശമ്പളം ചുവടേ ചേർക്കുംപ്രകാരം സംരക്ഷിച്ച് നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

i) 16.04.2020 മുതൽ 26500-26700 ശമ്പള സ്കെയിലിൽ Pay protection അനുവദിക്കണം.

ii) 01.07.2019 മുതൽ തന്റെ ശമ്പളം 37400-79000 ശമ്പള സ്കെയിലിൽ റിവൈസ് ചെയ്ത് ഉത്തരവാകണം.

iii) 15 വർഷത്തെ Time Bound Higher Grade, 41300-87000 ശമ്പള സ്കെയിലിൽ 22.12.2023 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകണം.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം പി എസ് സി നിയമനപ്രകാരം 22.12.2008 ൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ അനീഷ് ഭാസി പ്രസ്തുത തസ്തികയിൽ നിരീക്ഷണ കാലം പൂർത്തിയാക്കുകയും, 8 വർഷത്തെ ഗ്രേഡ് വാങ്ങുകയും ചെയ്തിട്ടുണ്ട്. ഉടർന്ന് കൊല്ലം ജില്ലാ പി എസ് സിയിൽ നിന്നുള്ള നിയമന ശുപാർശ പ്രകാരം

ശ്രീ അനീഷ് ഭാസി ആരോഗ്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 16.04.2020 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ കൊല്ലം നഗരസഭയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ശ്രീ അനീഷ് ഭാസിക്ക് മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള സർവ്വീസ് കാലയളവും, (22.12.2008 മുതൽ 15.04.2020 വരെ) ടിയാൻ ആരോഗ്യ വകുപ്പിൽ നിന്നും റിലീവ് ചെയ്യുമ്പോൾ ഉണ്ടായിരുന്ന ശമ്പളവും സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ-2037/2021 നമ്പർ കേസിലെ 10.12.2021 ലെ വിധിന്യായത്തിൽ ടിയാനെ നേരിൽ കേട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറോട് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ ശ്രീ അനീഷ് ഭാസിയെ നേരിൽ കേൾക്കുകയും ടിയാന്റെ അപേക്ഷയിൽ സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണത്തിന്റെയടിസ്ഥാനത്തിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ2037/21 നമ്പർ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ സഹിതം അപ്പീൽ അപേക്ഷയിൽ തുടർനടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അനീഷ് ഭാസിയ്ക്ക് ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ ഉയർന്ന ശമ്പളസ്കെയിലിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ താഴ്ന്ന ശമ്പളസ്കെയിലിലേക്കാണ് പി.എസ്.സി മുഖേന നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളത്. കെ.എസ്.ആർ ഭാഗം 1 ചട്ടം 37(ബി) പ്രകാരം ഉയർന്ന ശമ്പളസ്കെയിലിൽ നിന്ന് നേരിട്ടുള്ള നിയമനം വഴി താഴ്ന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ ഉദ്യോഗസ്ഥന്റെ ശമ്പളം പുതിയ തസ്തികയുടെ ശമ്പളസ്കെയിലിന്റെ ഏറ്റവും കുറഞ്ഞ ഘട്ടത്തിൽ നിജപ്പെടുത്തണം എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ടിയാന് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ ശമ്പളസ്കെയിലിന്റെ മിനിമം തുകയ്ക്കാണ് അർഹതയുള്ളത്.

4. കൂടാതെ ശ്രീ അനീഷ് ഭാസി യ്ക്ക് 15 വർഷത്തെ Time Bound Higher Grade അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചതിൽ, പ്രവേശനതസ്തിക അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് എന്ന് കാണുന്നു. 08.08.2008-ലെ 46/2008/ഫിൻ നമ്പർ സർക്കുലറിന്റെ ഖണ്ഡിക 33 ൽ "Those who are initially appointed in one Department, who get further appointment subsequently by direct recruitment (PSC) in the same post in another Dept. will be eligible for TBHG in the latter Dept. by reckoning their prior service also, provided the same has been reckoned for increment in the latter Dept." എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേയ്ക്ക് അതേ തസ്തികയിൽ പി.എസ്.സി വഴി നിയമനം ലഭിക്കുന്ന ജീവനക്കാരന് മുൻ വകുപ്പിലെ സേവനം നിലവിലെ വകുപ്പിൽ ഇൻക്രിമെന്റിനു പരിഗണിച്ചിട്ടുണ്ടെങ്കിൽ മാത്രമേ മുൻ വകുപ്പിലെ സേവനം നിലവിൽ ജോലി ചെയ്യുന്ന വകുപ്പിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനു പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ശ്രീ. അനീഷ് ഭാസി ആരോഗ്യ വകുപ്പിലും മുൻസിപ്പൽ കോമൺ സർവ്വീസിലും പ്രവേശിച്ചത് സമാന തസ്തികയിലാണ്. എന്നാൽ ടിയാന്റെ ആരോഗ്യ വകുപ്പിലെ സേവനം മുൻസിപ്പൽ കോമൺ സർവ്വീസിൽ ഇൻക്രിമെന്റിനു പരിഗണിച്ചിട്ടില്ല. ആയതിനാൽ കൊല്ലം നഗരസഭയിൽ ഗ്രേഡ് 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ടിച്ചുവരുന്ന ശ്രീ. അനീഷ് ഭാസിയ്ക്ക് മുൻസിപ്പൽ കോമൺ

സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള സർവ്വീസ് കാലയളവും, (22.12.2008 മുതൽ 15.04.2020 വരെ) കൂടി പരിഗണിച്ച് 15 വർഷത്തെ ഗ്രേഡ് അനുവദിക്കുവാൻ കഴിയില്ല.

5. മേൽ സാഹചര്യത്തിൽ ആരോഗ്യവകുപ്പിൽ നിന്നും റിലീവ് ചെയ്യുമ്പോഴുണ്ടായ ശമ്പളം സംരക്ഷിച്ച് നൽകണമെന്ന ആവശ്യവുമായി കൊല്ലം നഗരസഭയിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. അനീഷ് ഭാസി സമർപ്പിച്ച അപേക്ഷ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ട് പരാമർശം 2 അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അനീഷ് ഭാസി, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊല്ലം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-12-2024 15:40:50
സെക്ഷൻ ഓഫീസർ